

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**01-06-2021**

# കാർഷികവാർത്തകൾ

## 1. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ് പോർട്ടൽ'

പ്രകൃതി ക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി വിളകൾ ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റ് കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ് പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമായി 'എയിംസ്' എന്ന യൂട്യൂബ് ചാനലിൽ ഓൺലൈനായി വീക്ഷിക്കാവുന്നതാണ്. (https://youtu.be/PwW6_hDvriY ) എയിംസ് മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.

## 2. അനിമൽ ഹെൽത്ത് ക്യാമ്പുകൾ

മഴക്കെടുതി, വെള്ളപ്പൊക്കം മുതലായ പ്രകൃതി ദുരന്തങ്ങളുടെയും കോവിഡിന്റെ രണ്ടാം തരംഗത്തിന്റെയും പശ്ചാത്തലത്തിൽ പ്രതിസന്ധി നേരിടുന്ന കർഷകരുടെ ഉരുക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് അനിമൽ ഹെൽത്ത് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ സൌജന്യ നിരക്കിൽ കാലിതീറ്റ, ധാതുലവണ മിശ്രിതം, പുല്ല്, വയ്ക്കോൽ, മറ്റ് അത്യാവശ്യ മരുന്നുകൾ എന്നിവ നൽകുന്നു. ഈ ആനുകൂല്യങ്ങൾ ലഭ്യമാകുവാൻ ക്ഷീരകർഷകർ അതാത് പഞ്ചായത്തിലെ മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാമൃഗസംരക്ഷണ ഓഫീസർ അറിയിക്കുന്നു.

## ഓൺലൈൻ പരിശീലനങ്ങൾ

3. കേരള വെറ്ററിനറി സർവകലാശാല 'മൃഗസംക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ധഭാഷണ പരമ്പരയിൽ ഇന്ന് (01-06-2021 ന് ) വൈകിട്ട് 5.00 മണിക്ക് 'മൃഗങ്ങളിലെ സാധാരണ ദഹനസംബന്ധമായ രോഗങ്ങൾ' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ ഉഷ നാരായണപിള്ളയുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**01-06-2021**

ആമുഖഭാഷണവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ വി ജെ ഉദയശ്രീയുടെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. കർഷകരുടെ സംശയദൂരീകരണത്തിനായുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നാളെ (02-06-2021 ന് ) 'മഴക്കാല കുളമ്പുരോഗങ്ങളും പ്രതിവിധികളും' എന്നതാണ് പ്രഭാഷണ വിഷയം. വിശദ വിവരങ്ങൾക്കായി ഫോൺ കോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ് - **9446625160 / 9895213500**

4. റബ്ബർ നടീലിനെ കുറിച്ച് റബ്ബർ ബോർഡ് ഓൺലൈൻ പരിശീലനം നൽകുന്നു. ഇന്ന് (ജൂൺ മാസം ഒന്നാം തീയതി) ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ മലയാളത്തിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പരിലും **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലും ബന്ധപ്പെടാവുന്നതാണ്. മെയിൽ ഐ ഡി training@rubberboard.org.in

5. തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ലോക പാൽ ദിനത്തോടനുബന്ധിച്ച് ഇന്ന് (ജൂൺ മാസം ഒന്നാം തീയതി) ആരോഗ്യ സംരക്ഷണത്തിന് പാലും പാലുൽപ്പന്നങ്ങളും എന്ന വിഷയത്തെ ആധാരമാക്കി രാവിലെ 10.30 ന് ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിലെ ആഭിമുഖ്യത്തിൽ ഇന്ന് (01.06.2021) പതിനൊന്ന് മണിക്ക് മണിക്ക് പശുവളർത്തൽ ലാഭകരമാക്കാൻ ഉള്ള മാർഗങ്ങൾ എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന പരിപാടി ഉണ്ടായിരിക്കും പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ meet.google.com/juq-cxsv-njv എന്ന ലിങ്കിൽ പ്രവേശിച്ച് പങ്കെടുക്കാവുന്നതാണ്

7. മലമ്പുഴ ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് പരിശീലന കേന്ദ്രത്തിൽ **ഇന്ന് (01.06.2021)** രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ 'കാട വളർത്തൽ' എന്ന വിഷയത്തിൽ ഓൺലൈൻ ട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്നു. സൌജന്യമായി നൽകുന്ന ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുന്നവർക്ക്

**01-06-2021**

സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9188522713** എന്ന വാട്സ് ആപ്പ് നമ്പരിൽ ബന്ധപ്പെടുക.

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (01.06.2021) രാവിലെ 11 മണിക്ക് 'കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയിലെ പ്രശ്നങ്ങളും പരിഹാരങ്ങളും' എന്ന വിഷയത്തിൽ കാർഷിക സർവകലാശാല അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ. അജിത്തിന്റെ ഫെയ്സ്ബുക്ക് ലൈവ് ഉണ്ടായിരിക്കുന്നതാണ്. എറണാകുളം ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഫെയ്സ് ബുക്ക് പേജിൽ പ്രഭാഷണം തത്സമയം വീക്ഷിക്കാവുന്നതാണ്.

9. **ഇഞ്ചി കർഷകർക്കായുള്ള വിളപരിപാലന നിർദ്ദേശം**

ഇഞ്ചിയിൽ കണ്ടുവരുന്ന ഒരു രോഗകീടബാധ ആണ് ചീയൽ രോഗം. ഇഞ്ചിയുടെ തണ്ടിൽ മണ്ണിനോട് ചേർന്ന ഭാഗത്ത് വെള്ളത്തിൽ കുതിർന്നതു പോലെയുള്ള ലക്ഷണം കാണാം. ആ ഭാഗം പിന്നീട് ചീഞ്ഞ് പോവുകയും ഇതിന്റെ ഫലമായി ഇഞ്ചിയുടെ ചിനപ്പുകൾ ചീഞ്ഞു പോകുകയും ചെയ്യും. രോഗബാധ കൂടുതലായും കണ്ടുവരുന്ന സ്ഥലങ്ങളിൽ 50 ശതമാനം വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡ് ( 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ 50 ശതമാനം വീര്യമുള്ള കോപ്പർ ഹൈഡ്രോക്സൈഡ് ( 1.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം മെയ്, ജൂൺ മാസങ്ങളിലും ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും തളിക്കണം. മഴക്കാലം നീണ്ടുനിന്നാൽ ഒക്ടോബർ-നവംബർ മാസങ്ങളിൽ ഒരു തവണ കൂടി തളിക്കണം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം